പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 379.

24.08.2017 -ലെ മറുപടിക്ക്.

## തൊഴിൽ നയം

ചോദ്യം

**ശ്രീ.സി.ദിവാകരൻ**
**ശ്രീ.ഇ.കെ. വിജയൻ**
**ശ്രീ.കെ.രാജൻ**
**ശ്രീ.വി.ആർ.സുനിൽ കുമാർ:**

മറുപടി

**ശ്രീ. ടി.പി.രാമകൃഷ്ണൻ**
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാരിന്റെ തൊഴിൽ നയം വിശദമാക്കുമോ; | (എ) | കരട് തൊഴിൽ നയം ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു. |
| (ബി) | പ്രസ്തുത തൊഴിൽ നയത്തിൽ എത്ര രൂപയാണ് കുറഞ്ഞ ദിവസ വേതനമായി പ്രഖ്യാപിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | വിവിധ മേഖലകളിലെ തൊഴിൽ സാഹചര്യവും വേതന വ്യവസ്ഥയും പരിശോധിച്ച് തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞ വേതനം 600/- രൂപയായി നിജപ്പെടുത്തി നിശ്ചയിക്കുന്നതിനാണ് കരട് തൊഴിൽ നയം ലക്ഷ്യമിടുന്നത്. |
| (സി) | വർത്തമാനകാല സാഹചര്യങ്ങൾക്കനുസൃതമായി സേവനത്തിന്റെ സമയക്രമം, ദൈർഘ്യം, വേതനഘടന, തൊഴിൽ സുരക്ഷിതത്വം എന്നിവ പുനരാവിഷ്കരിക്കുന്ന തരത്തിലുള്ളതായിരിക്കുമോ പ്രസ്തുത നയം എന്ന് വ്യക്തമാക്കുമോ; | (സി) | അതെ. ഇക്കാര്യങ്ങൾ പ്രതിപാദിക്കുന്ന കരട് തൊഴിൽ നയം ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു. |
| (ഡി) | ഗാർഹികതൊഴിലാളികളുടെ സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | ഗാർഹിക തൊഴിലാളികളുടെ ജോലിക്കും സംരക്ഷണത്തിനുമായി പ്രത്യേക ലേബർ ഡേറ്റ ബാങ്ക് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് കരട് തൊഴിൽ നയം ലക്ഷ്യമിടുന്നു. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

സെക്ഷൻ ഓഫീസർ